



എ.വൈ.ആർ

സൂറ-19

# മർയം

وَٱذْكُرْ فِى ٱلْكِتَـٰبِ مَرْيَمَ إِذِ ٱنتَبَذَتْ مِنْ أَهْلِهَا مَكَانًا شَرْقِيًّا ﴿١٦﴾

**16.** പ്രവാചകൻ ഈ വേദത്തിൽ മർയമിന്റെ കഥയും അനുസ്മരിച്ചുകൊള്ളുക; അവൾ സ്വജനത്തിൽ നിന്നൊറ്റപ്പെട്ട് പൂർവദിക്കിലൊരിടത്ത് വസിച്ചത്.

فَٱتَّخَذَتْ مِن دُونِهِمْ حِجَابًا فَأَرْسَلْنَآ إِلَيْهَا رُوحَنَا فَتَمَثَّلَ لَهَا بَشَرًا سَوِيًّا ﴿١٧﴾

**17.** അവർക്കുനേരെ ഒരു വിരിയിട്ടു മറഞ്ഞു കഴിയുകയായിരുന്നു അവൾ. അപ്പോൾ നാം നമ്മുടെ മലക്കിനെ അവളിലേക്കയച്ചു. മലക്ക് ഒരൊത്ത മനുഷ്യരൂപത്തിൽ അവൾക്കു പ്രത്യക്ഷപ്പെട്ടു.

قَالَتْ إِنِّىٓ أَعُوذُ بِٱلرَّحْمَـٰنِ مِنكَ إِن كُنتَ تَقِيًّا ﴿١٨﴾

**18.** അതുകണ്ട് അവൾ കേണു. നിങ്ങൾ ദൈവഭയമുള്ളവനെങ്കിൽ, ഞാൻ നിങ്ങളിൽനിന്ന് കരുണാമയനായ അല്ലാഹുവിൽ അഭയം തേടുന്നു.

قَالَ إِنَّمَآ أَنَا۠ رَسُولُ رَبِّكِ لِأَهَبَ لَكِ غُلَـٰمًا زَكِيًّا ﴿١٩﴾

**19.** ആഗതൻ അറിയിച്ചു: നിന്റെ നാഥൻ അയച്ച ദൂതനാകുന്നു ഞാൻ; നിനക്കൊരു വിശുദ്ധ പുത്രനെ സമ്മാനിക്കാൻ.

قَالَتْ أَنَّىٰ يَكُونُ لِى غُلَـٰمٌ وَلَمْ يَمْسَسْنِى بَشَرٌ وَلَمْ أَكُ بَغِيًّا ﴿٢٠﴾

**20.** അവൾ അത്ഭുതം കൂറി: എനിക്കു കുഞ്ഞുണ്ടാകുന്നതെങ്ങനെ, എന്നെ ഒരു പുരുഷൻ തൊട്ടിട്ടേയില്ലല്ലോ. ഞാനൊരു പിഴച്ചവളുമല്ല.

قَالَ كَذَٰلِكِ قَالَ رَبُّكِ هُوَ عَلَىَّ هَيِّنٌ ۖ وَلِنَجْعَلَهُۥٓ ءَايَةً لِّلنَّاسِ وَرَحْمَةً مِّنَّا ۚ وَكَانَ أَمْرًا مَّقْضِيًّا ﴿٢١﴾

**21.** മലക്കു പറഞ്ഞു: അപ്രകാരം സംഭവിക്കുക തന്നെ ചെയ്യും. നിന്റെ നാഥൻ പറയുന്നു; എനിക്കതൊരു നിസ്സാര കാര്യമാണെന്ന്. ആ കുഞ്ഞിനെ മനുഷ്യർക്കൊരു ദൃഷ്ടാന്തവും നമ്മിൽനിന്നുള്ള അനുഗ്രഹവുമാക്കേണ്ടതിനത്രെ നാം ഈവിധം ചെയ്യുന്നത്. അത് വിധിക്കപ്പെട്ട കാര്യമാകുന്നു.

وَٱذْكُرْ = നീ (പ്രവാചകൻ) അനുസ്മരിച്ചുകൊള്ളുക; فِى ٱلْكِتَـٰبِ = ഈ വേദത്തിൽ
مَرْيَمَ = മർയമിനെ(മിന്റെ കഥ)യും; إِذِ ٱنتَبَذَتْ = അവൾ ഏകാന്തയായത്(ഒറ്റപ്പെട്ട് വസിച്ചത്)
مِنْ أَهْلِهَا = അവളുടെ ആളുകളിൽനിന്ന് (സ്വജനത്തിൽനിന്ന്); مَكَانًا شَرْقِيًّا = പൂർവദിക്കിൽ ഒരിടത്ത്
فَٱتَّخَذَتْ = അവൾ എടുത്തു(ഇട്ടു); مِن دُونِهِمْ = അവർക്കുനേരെ

حِجَابًا = ഒരു മറ (വിരിയിട്ടു മറഞ്ഞു കഴിയുകയായിരുന്നു അവൾ) ; فَأَرْسَلْنَا = അപ്പോൾ നാം അയച്ചു ; إِلَيْهَا = അവളിലേക്ക്

رُوحَنَا = നമ്മുടെ ജീവനെ, ചൈതന്യത്തെ (മലക്കിനെ)

فَتَمَثَّلَ لَهَا بَشَرًا = അതു അവൾക്കുവേണ്ടി മനുഷ്യനായി സാദൃശ്യപ്പെട്ടു (അവൾക്കു മനുഷ്യ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു)

سَوِيًّا = ഒത്ത, തികഞ്ഞ ; قَالَتْ = പറഞ്ഞു (അതുകണ്ട് അവൾ കേണു) ; إِنِّي أَعُوذُ = ഞാൻ അഭയം തേടുന്നു

بِالرَّحْمَٰنِ = കരുണാമയനി(യനായ അല്ലാഹുവി)ൽ ; مِنكَ = നിന്നിൽനിന്ന് ; إِن كُنتَ = നീ ആണെങ്കിൽ

تَقِيًّا = മുത്തഖി(ദൈവഭയമുള്ളവൻ) ; قَالَ = പറഞ്ഞു(മലക്ക് അറിയിച്ചു)

إِنَّمَا أَنَا رَسُولُ رَبِّكِ = ഞാൻ നിന്റെ നാഥന്റെ(ൻ അയച്ച)ദൂതൻ മാത്രമാകുന്നു

لِأَهَبَ لَكِ = ഞാൻ നിനക്ക് സമ്മാനിക്കാൻ ; غُلَامًا زَكِيًّا = പരിശുദ്ധനായ ഒരു കുട്ടിയെ(ഒരു വിശുദ്ധ പുത്രനെ)

قَالَتْ = അവൾ പറഞ്ഞു(അത്ഭുതം കൂറി) ; أَنَّىٰ يَكُونُ لِي = എനിക്ക് ഉണ്ടാകുന്നതെങ്ങനെ ; غُلَامٌ = കുട്ടി

وَلَمْ يَمْسَسْنِي = എന്നെ തൊട്ടിട്ടി(ട്ടേയി)ല്ലല്ലോ ; بَشَرٌ = ഒരു മനുഷ്യൻ, പുരുഷൻ ; وَلَمْ أَكُ = ഞാൻ ആയിട്ടില്ല

بَغِيًّا = പിഴച്ചവൾ, വ്യഭിചാരിണി ; قَالَ = (മലക്ക്) പറഞ്ഞു ; كَذَٰلِكِ = അപ്രകാരം (സംഭവിക്കുകതന്നെ ചെയ്യും)

قَالَ رَبُّكِ = നിന്റെ നാഥൻ പറഞ്ഞു(റയുന്നു) ; هُوَ عَلَيَّ = അത് എനിക്ക് ; هَيِّنٌ = ഒരു നിസ്സാരം(കാര്യം) ആണെന്ന്

وَلِنَجْعَلَهُ = നാം അവനെ(കുഞ്ഞിനെ) ആക്കേണ്ടതിനത്രെ (ഈവിധം ചെയ്യുന്നത്)

آيَةً لِّلنَّاسِ = മനുഷ്യർക്ക് ഒരു ദൃഷ്ടാന്തം ; وَرَحْمَةً مِّنَّا = നമ്മിൽ നിന്നുള്ള ഒരു കാരുണ്യവും, അനുഗ്രഹവും

وَكَانَ = അതാ(കുന്നു)യിരിക്കുന്നു ; أَمْرًا مَّقْضِيًّا = വിധിക്കപ്പെട്ട കാര്യം(അനിവാര്യമായി സംഭവിക്കുന്നത്)

**16.** സക്കരിയ്യായുടെ പ്രാർഥനയും യഹ്‌യാ നബിയുടെ ജനനത്തിന്റെ കഥയും അനുസ്മരിച്ചുകൊണ്ടാണ് സൂറഃ ആരംഭിച്ചത്. അനന്തരം കന്യാമർയമിനെയും പുത്രൻ ഈസാ(അ)യെയും അനുസ്മരിക്കുകയാണിവിടം മുതൽ. ഇവിടെ അൽകിതാബ്-വേദം എന്ന പദത്തിന്റെ വിവക്ഷ വ്യത്യസ്ത രീതിയിലാണ് ഖുർആൻ വ്യാഖ്യാതാക്കൾ മനസ്സിലാക്കിയിട്ടുള്ളത്. ഖുർആൻ പലയിടത്തും ഖുർആനിനെ ഉദ്ദേശിച്ച് 'അൽകിതാബ്' എന്നുപറഞ്ഞിട്ടുണ്ട്. വിശുദ്ധ ഖുർആനിന്റെ നാമങ്ങളിലൊന്നായി അത് അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഖുർആൻ അല്ലാത്ത മറ്റേതെങ്കിലും വേദമാണുദ്ദേശ്യമെന്ന് സൂചിപ്പിക്കുന്ന ലക്ഷണങ്ങളൊന്നുമില്ലാത്തതിനാൽ ഇവിടെ വിവക്ഷ ഖുർആൻ തന്നെയാണെന്നാകുന്നു ഭൂരിപക്ഷം ഖുർആൻ വ്യാഖ്യാതക്കളുടെയും വീക്ഷണം. ഈ കഥ വെറുമൊരു കഥാകഥനമല്ല, വിശുദ്ധ ഖുർആനിന്റെ ഭാഗമാണെന്നുണർത്തുന്നതിനു വേണ്ടിയാണ് അനുസ്മരിക്കുക.-اذكر-എന്നതിനുശേഷം 'ഫിൽ കിതാബി'-ഈ വേദത്തിൽ എന്ന് എടുത്തുപറഞ്ഞത്. ഇവിടെ 'അൽകിതാബ്' കൊണ്ടുദ്ദേശ്യം ഇഞ്ചീൽ (ബൈബിൾ പുതിയ നിയമം) ആണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇഞ്ചീലിലാണ് ഈസാ(അ)യെക്കുറിച്ച് ഏറെ പറഞ്ഞിട്ടുള്ളത്. ഖുർആൻ ഇഞ്ചീലിനെക്കുറിച്ചും 'അൽകിതാബ്' എന്നുപറഞ്ഞിട്ടുണ്ട്. പക്ഷേ മർയമിനെക്കുറിച്ച് ഇഞ്ചീലിലുള്ള പല പരാമർശങ്ങളും അടിസ്ഥാനരഹിതമാണ്. ഇഞ്ചീലിലെ അബദ്ധങ്ങളെ തിരുത്തുന്നതാണ് ഖുർആന്റെ പ്രസ്താവനകൾ എന്നിരിക്കെ ഇഞ്ചീലിലെ മർയമിനെ അനുസ്മരിക്കാൻ അല്ലാഹു പ്രവാചകനോട് കൽപ്പിച്ചുവെന്ന് കരുതാൻ ന്യായമില്ല.

എറിഞ്ഞുകളയുക, അകറ്റുക എന്ന് ഭാഷാർഥമുള്ള نَبَذ ൽ നിന്നുത്ഭവിച്ച ക്രിയാരൂപമാണ് انتبذ. ആളുകളിൽ നിന്ന് ഒറ്റപ്പെട്ട് ഒരിടത്ത് ഏകാന്തമായി കഴിയുന്നതിനാണ് ഇവിടെ ഇതുപയോഗിച്ചിരിക്കുന്നത്. ഹസ്റത്ത് മർയം ബൈതുൽ മഖ്ദിസിന്റെ കിഴക്കുവശത്തൊരിടത്ത് ഏകാന്ത ധ്യാനത്തിലേർപ്പെട്ടതിനെക്കുറിച്ചാണ് പറയുന്നത്. مَكَانًا شَرْقِيًّا ബൈത്തുൽ മഖ്ദിസിനുള്ളിൽ തന്നെ കിഴക്കുവശമാകാം; ആ പള്ളിക്ക് പുറത്ത്, പള്ളിയുടെ കിഴക്ക് വശത്തുമാകാം. ബൈത്തുൽ മഖ്ദിസിനുള്ളിൽ തന്നെ കിഴക്കുവശത്തായിരുന്നു മർയം ഭജനമിരുന്നതെന്ന അഭിപ്രായമാണ് പ്രബലം. ബൈത്തുൽ മഖ്ദിസിൽ സ്ത്രീകൾക്ക് ആരാധനകളനുഷ്ഠിക്കാൻ നിശ്ചയിക്കപ്പെട്ട സ്ഥലം അതിന്റെ കിഴക്കുഭാഗമായിരുന്നുവത്രെ. അക്കാലത്തെ ബൈത്തുൽ മഖ്ദിസിന്റെ രേഖാചിത്രങ്ങളിൽ കിഴക്കു ഭാഗത്തെ സ്ത്രീകളുടെ ആരാധനാ സ്ഥലം (Women Court) ആയി അടയാളപ്പെടുത്തിയിട്ടുള്ളതായി മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി ചൂണ്ടിക്കാണിക്കുന്നു. ഹൈക്കൽ സുലൈമാനിയുടെ കിഴക്കു വശത്തെ അതിന്റെ ഏറ്റം ശ്രേഷ്ഠമായ ഭാഗമായി കരുതപ്പെട്ടിരുന്നു. ക്രൈസ്തവർ അവരുടെ ഖിബ്‌ലയായി പൂർവദിക്കിനെ തെരഞ്ഞെടുത്തതിൽ ഈ സങ്കൽപ്പത്തിന് വലിയ സ്വാധീനമുണ്ട്.

**17.** പരസ്പരം കാണുന്നതും കൂടിചേരുന്നതും തടയുന്ന വസ്തുവാണ് حجاب . ശരീരം പൂർണമായി മറക്കുന്നതിനു വേണ്ടി സ്ത്രീകൾ ധരിക്കുന്ന പർദക്ക് حجاب എന്നുംപറയും. മറ്റുള്ളവരുടെ കാഴ്ചയിൽനിന്ന് മറയുന്നതിനുവേണ്ടി കെട്ടിയ കർട്ടനാണ് ഇവിടെ ഉദ്ദേശ്യം. ദേവാലയങ്ങളിൽ ധ്യാനത്തിലേർപ്പെടുന്നവർ ഏകാന്തതക്കുവേണ്ടി, മറ്റുള്ളവരുടെ സമ്പർക്കം തടയുന്ന തമ്പു കെട്ടി അതിനുള്ളിൽ കഴിയുന്ന പതിവുണ്ടായിരുന്നു. ആദ്യകാലത്ത് റമദാനിൽ

പ്രവാചകന്റെ പള്ളിയിൽ അദ്ദേഹത്തിന്റെ പത്നിമാരടക്കമുള്ള സ്ത്രീകൾ തമ്പുകെട്ടി ഇഅ്തികാഫിരുന്നതായും പള്ളിക്കകത്ത് തമ്പുകൾ വർധിച്ചതു കണ്ട് പ്രവാചകൻ അതെടുത്തുമാറ്റാൻ കൽപ്പിച്ചതായും ഹദീസുകളിൽ കാണാം. പ്രകൃത വചനത്തിലെ 'വിരിയിട്ടു' എന്ന പരാമർശം കന്യാമർയം പള്ളിക്കുള്ളിൽ കിഴക്കു ഭാഗത്ത് ഭജനമിരിക്കുകയായിരുന്നു എന്നതിന്റെ സാഹചര്യത്തെളിവാകുന്നു. മർയം ഋതുമതിയായി കിഴക്കു വശത്തിലൂടെ പള്ളിക്ക് പുറത്തുപോവുകയായിരുന്നുവെന്നും ആർത്തവ ശുദ്ധിക്കുവേണ്ടി കുളിക്കാനാണ് അവർ മറകെട്ടിയതെന്നും ബാലിശമായ മറ്റൊരു വ്യാഖ്യാനവും ഇതിനുണ്ട്.

ആത്മാവ്, ജീവൻ, ചൈതന്യം, ദിവ്യജ്ഞാനം, അല്ലാഹുവിന്റെ മലക്ക് തുടങ്ങി പദാർഥാതീതമായ പലതിനെയും കുറിക്കുന്ന പദമാണ് റൂഹ്. ഇവിടെ ഉദ്ദേശ്യം അല്ലാഹുവിന്റെ മലക്ക് ജിബ്രീൽ ആണെന്നാണ് ബഹുഭൂരിപക്ഷം ഖുർആൻ വ്യാഖ്യാതാക്കളും പറഞ്ഞിട്ടുള്ളത്. ചുരുക്കം ചിലർ ഈസാ നബിയുടെ ആത്മാവാണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. ഈസാ നബിയെ ഖുർആൻ "മർയമിലേക്ക് നിക്ഷേപിച്ച ഒരു വചനവും അവങ്കൽനിന്നുള്ള ഒരു റൂഹും" (4:171). എന്നു വിശേഷിപ്പിച്ചിരിക്കുന്നുവെന്നതാണ് അവരുടെ ന്യായം. പക്ഷേ ഇവിടെ ഈ റൂഹ് പറയുന്നത് ഞാൻ ഈസായായാണെന്നോ നിനക്കു ജനിക്കാനിരിക്കുന്ന കുട്ടിയാണെന്നോ അല്ല, കുട്ടിയെ സമ്മാനിക്കാൻ നിയുക്തനായ ദൂതനാകുന്നു എന്നാണ്. സാദൃശ്യം ഉണ്ടാക്കുകയാണ് تمّثل . മലക്ക് മനുഷ്യനോട് സാദൃശ്യപ്പെടുക എന്നാൽ മനുഷ്യരൂപം പൂണ്ടു പ്രത്യക്ഷപ്പെടുകയാണ്. تمّثل എന്ന പദപ്രയോഗം മലക്കിന്റെ യഥാർഥ രൂപം അതല്ല എന്ന സൂചന കൂടി ഉൾക്കൊള്ളുന്നുണ്ട്. سوي നേരത്തെ 10-ാം സൂക്തത്തിൽ വന്നിട്ടുള്ളതാണ്. ഒത്തത്, തികഞ്ഞത് എന്നാണിവിടെ അർഥം. ചിലയാളുകൾ സുന്ദരമായത് എന്നും അർഥം കൽപ്പിച്ചിരിക്കുന്നു. അതായത്, ഒരു യുവകോമളനായി രൂപാന്തരപ്പെട്ടാണ് മലക്കു മർയമിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത്.

**18.** ജനസമ്പർക്കമൊഴിവാക്കാൻ വിരിയിട്ട് മറച്ച് ഏകാന്തധ്യാനത്തിലിരിക്കുന്ന യുവതിയായ തന്റെ മുമ്പിൽ ഒരു ഒത്ത യുവാവ് കടന്നുവന്നത് കണ്ട് മർയം സ്വാഭാവികമായും ഭയന്നുപോയി. തന്നെ അപായപ്പെടുത്താനോ മാനഭംഗപ്പെടുത്താനോ വന്നിരിക്കുകയാണയാളെന്ന് അവൾ ഉൽകണ്ഠപ്പെട്ടു. അതുകൊണ്ട് അയാളോട് കേഴുകയാണ്: നിങ്ങൾ ദൈവഭയമുള്ള മനുഷ്യനാണെങ്കിൽ എന്നെ ഉപദ്രവിക്കരുത്. ഞാൻ നിങ്ങളുടെ അക്രമത്തിൽനിന്ന് കരുണവാരിധിയായ അല്ലാഹുവിനോട് അഭയം തേടുന്നു. "ദൈവ ഭയമുള്ളവനെങ്കിൽ അല്ലാഹുവിൽ അഭയം തേടുന്നു" എന്ന വാക്ക് ദൈവവിശ്വാസികളെ സംബന്ധിച്ചേടത്തോളം അതീവ ഗുരുതരമായ താക്കീതാണ്. യഥാർഥ ദൈവവിശ്വാസികൾക്ക് അതൊരിക്കലും അവഗണിക്കാനാവില്ല. നിസ്സഹായയായ ഞാൻ നിങ്ങളെക്കുറിച്ച് സർവശക്തനായ അല്ലാഹുവിനോട് പരാതിപ്പെടുകയും അവനിൽ അഭയം തേടുകയുമാണ്. ആ അല്ലാഹുവിനെ നിങ്ങൾ യഥാർഥത്തിൽ ഭയപ്പെടുന്നുവെങ്കിൽ എന്നെ മാനഭംഗപ്പെടുത്താതെ ഈ തമ്പിൽ നിന്നു പുറത്തുപോകണം. ഇല്ലെങ്കിൽ നിങ്ങൾ അല്ലാഹുവിന്റെ കോപത്തിനും ശിക്ഷാവിധിക്കും ഇരയായിത്തീരും. ഇതാണാ വാചകത്തിന്റെ താൽപര്യം. ഒരു സത്യവിശ്വാസിക്ക് ഒരിക്കലും അതവഗണിക്കാനാവില്ല. അല്ലാഹുവിലും അവന്റെ ശിക്ഷയിലും വിശ്വസിക്കാത്തവരെ ഈ താക്കീത് ഒട്ടും സ്വാധീനിക്കുകയുമില്ല. അതുകൊണ്ടാണ് മർയം തന്റെ താക്കീതിനൊപ്പം 'നിങ്ങൾ ദൈവഭയമുള്ളവനെങ്കിൽ' എന്ന ഉപാധി ചേർത്തത്.

ഏകാന്തവാസം ചെയ്യുന്ന തമ്പിൽ കോമളഗാത്രനായ പുരുഷനെ കണ്ടപ്പോഴുണ്ടായ മർയമിന്റെ പ്രതികരണം അവരുടെ സ്വഭാവശുദ്ധിയുടെ സൂചകമാണ്. ഉയർന്ന സദാചാര ബോധവും സ്വഭാവശുദ്ധിയുമില്ലാത്ത സ്ത്രീകൾ അത്തരം സന്ദർഭങ്ങൾ പുരുഷനുമായി ദീർഘമായി സല്ലപിക്കാനും കൊഞ്ചിക്കുഴയാനുമാണ് ഉപയോഗിക്കുക. ബൈത്തുൽ മഖ്ദിസിലേക്ക് ഉഴിഞ്ഞുവെക്കപ്പെട്ട മർയമിന് സേവനങ്ങൾ ചെയ്തുകൊടുത്തിരുന്ന 'യൂസുഫ്' എന്നുപേരുള്ള യുവാവിന്റെ രൂപമാണ് ജിബ്രീൽ സ്വീകരിച്ചിരുന്നതെന്ന് ചില നിവേദനങ്ങളുണ്ട്. ഈ യുവാവിന്റെ പ്രതിശ്രുത വധുവുമായിരുന്നു മർയം. അങ്ങനെയെങ്കിൽ അയാളുമായി സല്ലപിക്കാൻ മർയം കൂടുതൽ തൽപരയാകേണ്ടതാണ്. എന്നാൽ തന്നെ സമീപിച്ച പുരുഷനോട് ഒന്നും സംസാരിക്കാൻ തയാറാകാതെ ഉടനെ തമ്പിൽ നിന്ന് പുറത്തുപോകണമെന്നാവശ്യപ്പെടുകയാണവർ ചെയ്തത്.

**19.** ഭവതി കരുതുന്നതുപോലെ, അനുവാദമില്ലാതെ അന്തഃപുരത്തിലേക്ക് കടന്നുകയറിയ മര്യാദ കെട്ടവനൊന്നുമല്ല ഞാൻ, ഭവതിയുടെ വിധാതാവ് അയച്ച ദൂതനാണ്. ഭവതിക്ക് ഒരു വിശുദ്ധ പുത്രനെ പ്രദാനം ചെയ്യുകയാണ് എന്റെ ദൗത്യം. അതുകൊണ്ട് എന്നെക്കണ്ട് ഭയപ്പെടുകയോ എന്നിൽനിന്ന് ദൈവത്തിൽ അഭയം തേടുകയോ ചെയ്യേണ്ടതില്ല. എന്റെ വാക്കുകൾ സുവിശേഷമായി എടുത്ത് സന്തോഷിക്കുകയാണ് വേണ്ടത്. സൂറഃ *ആലുഇംറാനിൽ* 'അല്ലാഹു നിന്നെ സുവിശേഷമറിയിക്കുന്നു.' -ان اللّه يبشرك- എന്നുതന്നെയാണ് മലക്ക് മർയമിനോടു പറയുന്നത്. ആഗതൻ മലക്ക് അല്ലാതെ ഈസാ തന്നെ ആയിരുന്നുവെങ്കിൽ അത് മർയമിനോട് 'പുത്രനെ പ്രദാനം ചെയ്യാൻ' എന്നു പറയുന്നതിനുപകരം 'നിന്റെ ഉദരത്തിൽ പുത്രനായി പിറക്കാനായി അയക്കപ്പെട്ടവനാണ് ഞാൻ' എന്നായിരുന്നു പറയുക.

**20.** മലക്കിന്റെ ഭാഷണം കേട്ട് മറിയം അമ്പരന്നു. അവർ ചോദിച്ചു: എനിക്കു കുട്ടിയുണ്ടാവുകയോ?! എന്നെ ഇന്നോളം ഒരു പുരുഷൻ തൊട്ടിട്ടേയില്ലല്ലോ. ഞാൻ പിഴച്ച പെണ്ണുമല്ല. بغي എന്ന മൂലപദം بغاء ൽ നിന്നുള്ള കർതൃവചനമാണ്. വ്യഭിചാരമാണ് بغاء . അഴിഞ്ഞാടി നടക്കുന്നവളും വേശ്യയുമാണ് بغي . പിൽക്കാലത്ത് ഈസാ(അ)യെ നിഷേധിച്ച യഹൂദർ അദ്ദേഹം ജാരസന്തതിയാണെന്നു വാദിച്ചിരുന്നു. മർയം യൂസുഫ് എന്ന ഒരു യുവാവിന്റെ വധുവായിരുന്നുവെന്നും ഗർഭിണിയായിരിക്കെ അവർ രണ്ടുപേരും ഒരുമിച്ചു പലയിടത്തും സഞ്ചരിച്ചിരുന്നുവെന്നും ബൈബിൾ തന്നെ പറയുന്നുണ്ട്. ഈ രണ്ടു വിഭാഗത്തിന്റെയും പ്രസ്താവനകളെ നിഷേധിക്കുകയാണ്. لَمْ يَمْسَسْنِي بَشَرٌ وَلَمْ أَكُ بَغِيًّا എന്ന വാക്യത്തിലൂടെ ഖുർആൻ. മർയം യൂസുഫിന്റെ ഭാര്യയായിരുന്നുവെന്ന് ചില മുസ്‌ലിം പണ്ഡിതന്മാരും പറയുന്നുണ്ട്. പക്ഷേ വിവാഹിതയെങ്കിലും അവൾ ഭർത്താവുമൊത്തു ദാമ്പത്യജീവിതം തുടങ്ങിയിട്ടില്ല എന്നാണ് 'എന്നെ പുരുഷൻ തൊട്ടി

ട്ടില്ല' എന്നു പറഞ്ഞതിന്നർഥമെന്നാണവരുടെ നിലപാട്.

أَنَّىٰ يَكُونُ لِي غُلَامٌ എന്ന് നേരത്തെ സക്കരിയ്യായും ചോദിച്ചിരുന്നു. രണ്ടിടത്തും അക്ഷരാർഥം 'എനിക്കെങ്ങനെ കുട്ടിയുണ്ടാകാൻ' എന്നാണ്. എങ്കിലും രണ്ടിന്റെയും ധ്വനികൾ വ്യത്യസ്തമാണ്. ഒരു കുട്ടിയുണ്ടാകണമെന്ന് അദമ്യമായി ആഗ്രഹിക്കുന്നതോടൊപ്പം അതിനുള്ള ഭൗതിക സാഹചര്യങ്ങളൊന്നും ഞാൻ കാണുന്നില്ലല്ലോ എന്നാണ് സക്കരിയ്യാ പറയുന്നത്. മർയം പറയുന്നതാകട്ടെ, കന്യകയായ ഞാൻ കുഞ്ഞിനെ പ്രസവിക്കുന്നത് മഹാവിപത്തും അപമാനവുമാണ്, ഇന്നോളം പുരുഷ സമ്പർക്കമുണ്ടാവുകയോ പിഴച്ചുപോവുകയോ ചെയ്തിട്ടില്ലാത്ത എനിക്കെങ്ങനെ സംഭവിക്കാൻ യാതൊരു സാധ്യതയുമില്ല എന്നാണ്. മലക്കിൽ നിന്ന് സുവിശേഷമറിഞ്ഞപ്പോൾ മർയം ആദ്യം അത്ഭുതപ്പെട്ടുവെങ്കിലും താൻ പ്രസവിക്കാൻ പോകുന്നത് ഒരു വിശുദ്ധനെയാണെന്നോർത്ത് പിന്നീട് സന്തുഷ്ടയായി എന്നാണ് ലൂക്കോസിന്റെ സുവിശേഷം പറയുന്നത്. യൂസുഫ് മർയമിനെ നിക്കാഹ് ചെയ്തിരുന്നുവെന്ന ലൂക്കോസിന്റെ നിവേദനം ഈസാ നബിയുടെ ദിവ്യാത്ഭുത ജനനത്തെ ശക്തിയായി നിഷേധിക്കുന്ന യഹൂദരുടെ സ്വാധീനം മൂലം ഉണ്ടായതാണെന്നുവേണം കരുതാൻ. ഇവിടെ ഒരു കാര്യം ഓർക്കേണ്ടതാണ്. ജനിക്കും മുമ്പ് തന്നെ ദേവാലയ ശുശ്രൂഷക്കായി ദൈവത്തിന്റെ പേരിൽ ഉഴിഞ്ഞിടപ്പെട്ട വനിതയാണ് മർയം. അത്തരം ആളുകൾ ഗാർഹസ്ഥ്യ ബന്ധങ്ങളിൽനിന്നും ലൗകിക വ്യവഹാരങ്ങളിൽനിന്നും പൂർണമായി മുക്തരാവുകയായിരുന്നു പതിവ്.

ഇനി ഈ വസ്തുത അവഗണിച്ചാൽതന്നെ 'പുരുഷസ്പർശമേറ്റിട്ടില്ലാത്ത എനിക്കെങ്ങനെ കുഞ്ഞുണ്ടാകും?' എന്ന ചോദ്യം കന്യകയും വിശുദ്ധയുമായ ഒരു വനിതയിൽ നിന്നാണോ അതല്ല വിവാഹിതയായ വനിതയിൽനിന്നാണോ ഉണ്ടാവുക എന്നൊന്ന് ആലോചിച്ചുനോക്കുക. കൂടാതെ, കുഞ്ഞിനെ പ്രസവിച്ച മർയമിനെ ആക്ഷേപിച്ചുകൊണ്ട് നാട്ടുകാർ പറഞ്ഞതായി ശേഷം ഉദ്ധരിക്കുന്ന വാക്കുകളും ഭർതൃമതിയായ സ്ത്രീയുടെ കാര്യത്തിൽ തികച്ചും അസ്ഥാനത്താണ്. മർയം വിവാഹിതയായിരുന്നവെന്ന കെട്ടുകഥ സ്വീകരിക്കുന്നവർ യഥാർഥത്തിൽ ചെയ്യുന്നത് ഈസാ(അ)യെ നിഷേധിച്ച യഹൂദരുടെ നിലപാടിനെ ബലപ്പെടുത്തുകയാണ്.

**21.** നേരത്തെ യഹ്‌യായുടെ ജനന സുവിശേഷം കേട്ട് അതിശയിച്ച സക്കരിയ്യായോട് പറഞ്ഞതുതന്നെയാണ് ഇവിടെ മർയമിനോടും മലക്ക് പറയുന്നത്. സംബോധിത സ്ത്രീയായതിനാലാണ് كَذَٰلِكِ എന്ന് അന്ത്യാക്ഷരത്തിന് ഇകാരമായത്. പ്രായാധിക്യത്താൽ വീര്യം വറ്റിപ്പോയ എനിക്കും ജന്മനാ വന്ധ്യയായ ഭാര്യക്കും എങ്ങനെ കുഞ്ഞുണ്ടാകുമെന്ന് അത്ഭുതം കൂറിയ സക്കരിയ്യായോട് 'അപ്രകാരം സംഭവിക്കും' എന്നു പറഞ്ഞതിന്, അല്ലാഹു താങ്കൾക്ക് പ്രത്യുൽപാദന ശേഷിയും ഭാര്യക്ക് ഗർഭശേഷിയും നൽകുന്നതിലൂടെ (ഞാൻ പറഞ്ഞതുപോലെ) താങ്കൾക്ക് കുഞ്ഞു ജനിക്കും എന്നാണർഥം. ഇവിടെ كَذَٰلِكِ എന്നതിന് 'പ്രവചിക്കപ്പെട്ടതുപോലെ നീ കുഞ്ഞിനെ പ്രസവിക്കുക തന്നെ ചെയ്യും' എന്നേ അർഥമുള്ളൂ. അതിനായി നീ പുരുഷനുമായി ബന്ധപ്പെടുമെന്നോ അവിഹിത വേഴ്ചയിലേർപ്പെടുമെന്നോ അർഥമില്ല. പുരുഷബന്ധമില്ലാതെ തന്നെ സ്ത്രീയെ ഗർഭിണിയാക്കുകയും കുഞ്ഞിനെ പ്രസവിപ്പിക്കുകയും ചെയ്യുക അല്ലാഹുവിന്ന് ഒട്ടും പ്രയാസമുള്ള കാര്യമല്ല.

وَلِنَجْعَلَهُ എന്ന വാക്ക് അനുക്തമായ മറ്റൊരു വാക്കുമായി ബന്ധിപ്പിച്ചിരിക്കുന്നു. അതിനെ ഉക്തമാക്കുകയാണെങ്കിൽ വചനത്തിന്റെ പൂർണരൂപം ഏതാണ്ടിങ്ങനെയായിരിക്കും: നിന്റെ നാഥൻ പറയുന്നു: അവനെ ഇസ്‌റാഈല്യർക്ക് ഒരു ദൈവദൂതനാക്കാനും മനുഷ്യർക്ക് നമ്മിൽനിന്നുള്ള ഒരു ദൃഷ്ടാന്തവും അനുഗ്രഹവുമാക്കാനുമാണ് നാം ഇങ്ങനെ ഒരു ദിവ്യാത്ഭുത രൂപത്തിൽ അവനെ ജനിപ്പിക്കുന്നത്. ഈസാ(അ) ഒരു ദൃഷ്ടാന്തമാണെന്ന് ഖുർആൻ പലയിടത്തും പ്രസ്താവിച്ചിട്ടുണ്ട്. ഉദാ: സൂറഃ അൽ അമ്പിയാഅ് 91, മുഅ്മിനൂൻ 50 സൂക്തങ്ങൾ. ഈസാ(അ)യുടെ പ്രകൃത്യാതീതമായ രീതിയിലുള്ള ജനനം ഉയിർത്തെഴുന്നേൽപ്പിന്റെ വലിയൊരു ദൃഷ്ടാന്തമായിട്ടാണ് മൗലാനാ അമീൻ അഹ്‌സൻ ഇസ്‌ലാഹി കാണുന്നത്. കാര്യകാരണ വ്യവസ്ഥക്കതീതമായി എങ്ങനെയാണ് ഉയിർത്തെഴുന്നേൽപ്പുണ്ടാവുക എന്നാണല്ലോ അവിശ്വാസികളുടെ മുഖ്യ ചോദ്യം. ഈസാ(അ)യുടെ അസ്തിത്വം ഈ ചോദ്യത്തിനുള്ള വ്യക്തമായ ഉത്തരമാകുന്നു. അതായത്, അല്ലാഹുവിന്റെ ഉണ്ടാകട്ടെ-كن-എന്ന ഉത്തരവിനാൽ എല്ലാ വസ്തുക്കളും ഉളവാകുന്നു. ഇതേ ഉത്തരവി-كلمة-ലൂടെയാണ് ഈസാ(അ) ഉളവായത്. ഈയടിസ്ഥാനത്തിൽ ഇഞ്ചീലും (ബൈബിൾ പുതിയ നിയമം) ഖുർആനും അദ്ദേഹത്തെ ദൈവത്തിന്റെ വചനം-كلمة الله-എന്നുകൂടി വിളിച്ചിരിക്കുന്നു. ■